GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 23/06/2026

**1. കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന ഫലവർഗ്ഗ വിള, പുഷ്പകൃഷി, ഔഷധത്തോട്ടം വികസന പദ്ധതിയുടെ ഭാഗമായി ഉള്ളൂർ കൃഷിഭവൻ പരിധിയിൽ ചെഞ്ചേരിയിൽ പപ്പായ കൃഷിയുടെ മാതൃകാതോട്ടം ഒരുക്കിയിട്ടുണ്ട്. കൃത്യത കൃഷി അനുവർത്തിച്ചുവരുന്ന വി. എസ്.**

പത്മകുമാറിൻ്റെ മാതൃകാതോട്ടത്തിലെ പപ്പായ വിളവെടുപ്പിന് പാകമായിരിക്കുകയാണ്. അത്യുല്പാദന ശേഷിയുള്ള റെഡ് ലേഡി ഇനത്തിൽപ്പെട്ട പപ്പായയുടെ വിളവെടുപ്പ് ഉദ്ഘാടനം നാളെ (24 /06 /2026) ഉച്ചയ്ക്ക് 12 മണിയ്ക്ക് ചെഞ്ചേരി മഹിഷാസുരമർദ്ദിനിക്ഷേത്ര ആഡിറ്റോറിയത്തിൽ വച്ച് കൃഷി വകുപ്പ് മന്ത്രി അഡ്വ. ടി. സിദ്ദിഖ് നിർവ്വഹിക്കുന്നതാണ്. പ്രസ്തുത ചടങ്ങിൽ വച്ച് കർഷകൻ വി. എസ്. പത്മകുമാറിനെ കൃഷി വകുപ്പ് മന്ത്രി ആദരിക്കുന്നു.

2. “ഓണത്തിനൊരുക്കാം വിളവിൻ്റെ വിസ്മയം" പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം

ജില്ലയിലെ പെരുങ്കടവിള ബ്ലോക്കിന് കീഴിലുള്ള - ആര്യംകോട്, ഒറ്റശേഖരമംഗലം, കള്ളിക്കാട്, അമ്പൂരി, വെള്ളറട, പെരുങ്കടവിള, കുന്നത്തുകാൽ, പെരുമ്പഴുതൂർ, കൊല്ലയിൽ എന്നീ കൃഷിഭവനുകളിൽ 6 ഇനം വിത്തുകൾ ഉള്ള പച്ചക്കറി വിത്ത് പാക്കറ്റുകൾ 20 രൂപ നിരക്കിൽ ലഭ്യമാണ്. കർഷകർ അതാത് കൃഷിഭവനുകളുമായി ബന്ധപ്പെടണമെന്ന് ആര്യംകോട് കൃഷി അസിസ്റ്റന്റ് ഡയറക്ടർ - അഖില ജി വി അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 7907752989 എന്ന നമ്പരിൽ ബന്ധപ്പെടുക.

3. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം ഓണക്കാലത്ത് വിളവെടുക്കുന്നതിനായി ചെണ്ട് മല്ലി തൈകൾ പുനലൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിൽ വരുന്ന പത്തനാപുരം, പിറവന്തൂർ, വിളക്കുടി, തലവൂർ, പട്ടാഴി, പട്ടാഴി വടക്ക്, പുനലൂർ എന്നീ കൃഷി ഭവനുകളിൽ നിന്ന് സൗജന്യമായി വിതരണം ചെയ്യുന്നതാണെന്ന് പുനലൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ രതീഷ് പി.ആർ അറിയിച്ചു.

4.കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്കിലെ നെടുവത്തൂർ, പൂയപ്പള്ളി, വെളിയം, കരിപ്ര, എഴുകോൺ, കൊട്ടാരക്കര മുൻസിപ്പാലിറ്റി എന്നീ കൃഷിഭവനുകളിൽ നാടൻ തെങ്ങിൻ തൈകൾ 50

രൂപ നിരക്കിൽ വില്പനയ്ക്ക് ലഭ്യമാണ് കർഷകർ അതാത് കൃഷിഭവനുകളിൽ ബന്ധപ്പെടണമെന്ന് കൊട്ടാരക്കര കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9383470353, 9383470354, 9383470354, 9383470350, 9383470356, 9383470352, 9383470360, 9383470358 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

5.കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "കൂൺ കൃഷി" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈന് കോഴ്സിൻ്റെ പുതിയ ബാച്ച് 2026 ജൂൺ 27 ന് ആരംഭിക്കുന്നു. ഈ കോഴ്സിൽ പങ്കെടുക്കുവാൻ

താൽപ്പര്യമുള്ളവർക്ക് https://celkau.in എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് രജിസ്റ്റർ ചെയ്യാം. ജൂലൈ 7 ന് ശേഷം പുതിയ രജിസ്ട്രഷേനുകൾ സ്വീകരിക്കുന്നതല്ല. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിൻ്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റ് നൽകുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് ജൂൺ 27 മുതൽ യൂസർ ഐ ഡി യും പാസ്സ്‌വേർഡും

**ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.**

**കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0487-2438566.**